# നാലു വിഷയത്തിലും അനുഭവത്തിന്റെ അഥോറിറ്റിയായി സമസ്യയെ പരിഹാര സ്വരൂപത്തിലേക്ക് പരിവർത്തനപ്പെടുത്തു

ഇന്ന് ബ്രാഹ്മണലോകത്തിന്റെ രചയിതാവ് തന്റെ നാനാ ഭാഗത്തെയും ബ്രാഹ്മണകുട്ടികളെ കാണുകയാണ്. ഈ ബ്രാഹ്മണലോകം കൊച്ചുലോകമാണ് എന്നാൽ അതിശ്രേഷ്ഠം, അതിപ്രിയ ലോകമാണ്. ബ്രാഹ്മണലോകം മുഴുവൻ വിശേഷ ആത്മാക്കളുടെ ലോകമാണ്. ഓരോരോ ബ്രാഹ്മണരും കോടിയിലും ചില, ചിലരിലും ചില ആത്മാവാണ്. എന്തെന്നാൽ സ്വന്തം അച്ഛനെ തിരിച്ചറിഞ്ഞ്, അച്ഛന്റെ സമ്പത്തിന് അധികാരിയായിരിക്കുന്നു. ബാബ ഉയർന്നതിലും ഉയർന്നതാണ് എന്നപോലെ തന്നെ ബാബയെ തിരിച്ചറിഞ്ഞ് ബാബയുടേതാകുന്ന ആത്മാക്കളും വിശേഷ ആത്മാക്കളാണ്. ഓരോ ബ്രാഹ്മണ ആത്മാവിനും ജന്മനാ തന്നെ ഭാഗ്യവിധാതാവ് ബാബ മസ്തകത്തിൽ ശ്രേഷ്ഠ ഭാഗ്യത്തിന്റെ രേഖ വരച്ചിരിക്കുന്നു, ഇങ്ങനെയുള്ള ശ്രേഷ്ഠ ഭാഗ്യശാലി ആത്മാവാണ്. ഇങ്ങനെയുള്ള ഭാഗ്യശാലി എന്ന് അവനവനെ മനസ്സിലാക്കുന്നുണ്ടോ? ഇത്രയും വലിയ ആത്മീയലഹരി അനുഭവമാകുന്നുണ്ടോ? ഓരോ ബ്രാഹ്മണന്റെയും ഹൃദയത്തിൽ ദിലാരാമൻ, ഹൃദയത്തിന്റെ ലാളന, ഹൃദയത്തിന്റെ സ്നേഹം നൽകുകയാണ്. ഈ പരമാത്മാസ്നേഹം മുഴുവൻ കൽപ്പത്തിൽ ഒന്നിലൂടെ ഒരു സമയം മാത്രം പ്രാപ്തമാകുന്നു. ഈ ആത്മീയലഹരി സദാ ഓരോ കർമ്മത്തിലും ഉണ്ടോ? എന്തെന്നാൽ വെല്ലുവിളിക്കുന്നു- നിങ്ങൾ കർമ്മയോഗി ജീവിതമുള്ള വിശേഷ ആത്മാക്കളാണ്. കേവലം യോഗം ചെയ്യുന്ന യോഗിയല്ല, യോഗീ ജീവിതം ഉള്ളവരാണ്. ജീവിതം സദാകാലത്തേക്ക് ആയിരിക്കും. സ്വാഭാവികവും നിരന്തരവും ആകുന്നു. 8 മണിക്കൂർ, ആറുമണിക്കൂറിന്റെ യോഗി ജീവിതം ഉള്ളവരല്ല. യോഗം അർത്ഥം ഓർമ്മ ബ്രാഹ്മണ ജീവിതത്തിന്റെ ലക്ഷ്യമാണ്. ജീവിതത്തിന്റെ ലക്ഷ്യം സ്വതവേ ഓർമ്മയുണ്ടായിരിക്കും. എങ്ങനെയാണോ ലക്ഷ്യം അങ്ങനെയുള്ള ലക്ഷണവും സ്വതവേ തന്നെ വരുന്നു.

ബാപ്ദാദ ഓരോ ബ്രാഹ്മണ ആത്മാവിന്റെയും മസ്തകത്തിൽ തിളങ്ങുന്ന ഭാഗ്യ നക്ഷത്രം കാണുന്നു. ബാപ്ദാദ സദാ ഓരോ കുട്ടികളെയും ശ്രേഷ്ഠ സ്വമാനധാരി, സ്വരാജ്യധാരിയായി കാണുന്നു. അപ്പോൾ താങ്കൾ എല്ലാവരും സ്വയത്തെ സ്വമാനധാരി ആത്മാവാണ്, സ്വരാജ്യധാരി ആത്മാവാണ് ഇങ്ങനെ തന്നെ അനുഭവം ചെയ്യുന്നുണ്ടോ? സെക്കൻഡിൽ അഥവാ സ്മൃതിയിൽ കൊണ്ടുവരൂ ഞാൻ സ്വമാനധാരി ആത്മാവാണ്, അപ്പോൾ സെക്കൻഡിൽ സ്വമാനത്തിന്റെ എത്ര ലിസ്റ്റ് വരുന്നു! ഇപ്പോഴും തന്റെ സ്വമാനത്തിന്റെ ലിസ്റ്റ് സ്മൃതിയിൽ വന്നോ? നീണ്ട ലിസ്റ്റ് അല്ലേ! സ്വമാനം അഭിമാനത്തെ അവസാനിപ്പിക്കുന്നു, എന്തെന്നാൽ ശ്രേഷ്ഠ അഭിമാനമാണ്. അപ്പോൾ ശ്രേഷ്ഠ അഭിമാനം അശുദ്ധ ഭിന്ന ഭിന്ന ദേഹ അഭിമാനത്തെ സമാപ്തമാക്കിത്തരുന്നു. സെക്കന്റിൽ ലൈറ്റ് സ്വിച്ച് ഓൺ ചെയ്യുന്നതിലൂടെ അന്ധകാരം മാറിപ്പോകുന്ന പോലെ. അന്ധകാരത്തെ ഓടിക്കുന്നില്ല, അന്ധകാരത്തെ മാറ്റാനുള്ള പ്രയത്നം ചെയ്യേണ്ടി വരുന്നില്ല എന്നാൽ സ്വിച്ച് ഓൺ ചെയ്തു, അന്ധകാരം തന്നെ സമാപ്തമായി പോകുന്നു. ഇങ്ങനെ സ്വമാനത്തിന്റെ സ്മൃതിയുടെ സ്വിച്ച് ഓൺ ചെയ്യൂ എങ്കിൽ ഭിന്ന ഭിന്ന ദേഹഅഭിമാനം സമാപ്തമാക്കുന്നതിന്റെ പരിശ്രമം ചെയ്യേണ്ടി വരുന്നില്ല. ഏതുവരെ സ്വമാനത്തിന്റെ സ്മൃതിസ്വരൂപം ആകുന്നില്ലയോ അപ്പോഴാണ് പരിശ്രമിക്കേണ്ടി വരിക. ബാപ്ദാദ കുട്ടികളുടെ കളി കാണുകയാണ് സ്വമാനത്തെ ഹൃദയത്തിൽ വർണിക്കുന്നു ഞാൻ ബാപ്ദാദയുടെ ഹൃദയ സിംഹാസനധാരിയാണ്, വർണ്ണിച്ചു കൊണ്ടുമിരിക്കുന്നു, ആലോചിച്ചുകൊണ്ടുമിരിക്കുന്നു എന്നാൽ അനുഭവത്തിന്റെ സീറ്റിൽ സെറ്റ് ആകുന്നില്ല. എന്ത് ചിന്തിക്കുന്നുവോ അത് അനുഭവം ആകേണ്ടത് അത്യാവശ്യമാണ് എന്തെന്നാൽ ഏറ്റവും ശ്രേഷ്ഠ അഥോറിറ്റി അനുഭവത്തിന്റെ അഥോറിറ്റിയാണ്. അപ്പോൾ ബാപ്ദാദ കാണുന്നു വളരെ നന്നായി പറയുന്നുണ്ട്, വളരെ നന്നായി ചിന്തിക്കുന്നുമുണ്ട് എന്നാൽ കേൾക്കുന്നതും ചിന്തിക്കുന്നതും വേറെ കാര്യമാണ് അനുഭവി സ്വരൂപമാകുക ബ്രാഹ്മണ ജീവിതത്തിന്റെ ശ്രേഷ്ഠ അതോറിറ്റി. ഇതാണ് ഭക്തിയുടെയും ജ്ഞാനത്തിന്റെയും വ്യത്യാസം. ഭക്തിയിലും കേൾക്കുന്നതിന്റെ ലഹരിയിൽ വളരെയധികം മുഴുകുന്നു. ആലോചിക്കുന്നുമുണ്ട് എന്നാൽ അനുഭവം ചെയ്യാൻ കഴിയുന്നില്ല. ജ്ഞാനത്തിന്റെ അർത്ഥം തന്നെയാണ് ജ്ഞാനിതു ആത്മാവ്, അതായത് ഓരോ സ്വമാനത്തിന്റെയും അനുഭവി ആകുക. അനുഭവി സ്വരൂപം ആത്മീയ ലഹരി ഉയർത്തുന്നു. അനുഭവം ഒരിക്കലും ജീവിതത്തിൽ മറക്കുന്നില്ല, കേട്ടതും ചിന്തിച്ചതും മറന്നേക്കാം എന്നാലും അനുഭവത്തിന്റെ അതോറിറ്റി ഒരിക്കലും കുറയുന്നില്ല.

അപ്പോൾ ബാപ്ദാദ കുട്ടികൾക്ക് സ്മൃതി നൽകുന്നു ഓരോ കേട്ട കാര്യങ്ങളും എന്താണോ ഭഗവാൻ ആയ അച്ഛനിൽ നിന്ന് കേട്ടത് അതിന്റെ അനുഭവിമൂർത്തിയാകൂ. അനുഭവം ചെയ്ത കാര്യം ആയിരം പേർ

ഇല്ലാതാക്കാൻ നോക്കിയാലും ഇല്ലാതാക്കാൻ ആവില്ല. മായയ്ക്കും അനുഭവത്തെ ഇല്ലാതാക്കാൻ ആവില്ല. ശരീരം ധാരണ ചെയ്യുമ്പോഴേ തന്നെ അനുഭവം ചെയ്യുന്നു ഞാൻ ഇന്ന ആളാണ് അപ്പോൾ എത്ര പക്കയായിരിക്കുന്നു! എപ്പോഴെങ്കിലും തന്റെ ദേഹത്തിന്റെ പേര് മറക്കുന്നുണ്ടോ? ആരെങ്കിലും താങ്കളോട് പറയുന്നു-അല്ല താങ്കൾ ഇന്നയാളല്ല, എങ്കിൽ അംഗീകരിക്കാൻ കഴിയുമോ? ഇങ്ങനെ തന്നെ ഓരോ സ്വമാനത്തിന്റെയും ലിസ്റ്റ് അനുഭവം ചെയ്യുന്നതിലൂടെ ഒരിക്കലും സ്വമാനം മറക്കുകയില്ല. എന്നാൽ ബാപ്ദാദ കണ്ടു അനുഭവം ഓരോ സ്വമാനത്തിന്റെയും ചെയ്യുന്നതിൽ അഥവാ ഓരോ പോയിന്റിന്റെ അനുഭവി ആകുന്നതിൽ യഥാക്രമമാണ്. ഞാൻ ആത്മാവ് തന്നെയാണ് അനുഭവം ചെയ്തുവെങ്കിൽ ആത്മാവല്ലാതെ മറ്റാരാണ്! ദേഹത്തെ എന്റെ എന്ന് പറയുന്നു എന്നാൽ ഞാൻ തന്നെ ആത്മാവ്, ആത്മാവ് തന്നെയെങ്കിൽ എവിടെ നിന്നാണ് ദേഹബോധം വരുന്നത്? എന്തുകൊണ്ട് വന്നു? കാരണം 63 ജന്മത്തിന്റെ അഭ്യാസം ഞാൻ ദേഹമാണ്, തലതിരിഞ്ഞ അഭ്യാസം പക്കയാണ്. യഥാർത്ഥ അഭ്യാസം അനുഭവത്തിൽ മറന്നുപോകുന്നു. ബാപ്ദാദ കുട്ടികളെ പ്രയത്നം ചെയ്യുന്നതായി കാണുകയാണെങ്കിൽ കുട്ടികളുടെ സ്നേഹം വരുന്നു. പരമാത്മാ കുട്ടികളും പ്രയത്നവും! കാരണം അനുഭവ മൂർത്തിയുടെ കുറവാണ്. എപ്പോൾ ദേഹ ബോധത്തിന്റെ അനുഭവം എന്ത് സംഭവിച്ചാലും എന്ത് കർമ്മം ചെയ്യുമ്പോഴും ദേഹബോധം മറക്കുന്നില്ല എന്നിരിക്കെ ബ്രാഹ്മണ ജീവിതം അർത്ഥം കർമ്മയോഗി ജീവിതം, യോഗി ജീവിതത്തിന്റെ അനുഭവം എങ്ങനെ മറക്കാൻ സാധിക്കുന്നു! അപ്പോൾ പരിശോധിക്കു ഓരോ വിഷയത്തെയും അനുഭവത്തിൽ കൊണ്ടുവന്നുവോ? ജ്ഞാനം കേൾക്കുന്നത്,കേൾപ്പിക്കുന്നത് സഹജമാണ് എന്നാൽ ജ്ഞാന സ്വരൂപം ആകണം. ജ്ഞാനത്തെ സ്വരൂപത്തിൽ കൊണ്ടുവന്നു എങ്കിൽ സ്വതവേ തന്നെ ഓരോ കർമ്മവും നോളജ്ഫുൾ അതായത് നോളേജിന്റെ ലൈറ്റ് മൈറ്റ് ഉള്ളതാകും. ജ്ഞാനത്തെ പറയുന്നത് തന്നെ ലൈറ്റ് മൈറ്റ് എന്നാണ്. ഇങ്ങനെ തന്നെ യോഗി സ്വരൂപം, യോഗയുക്ത , യുക്തിയുക്ത സ്വരൂപം. ധാരണ സ്വരൂപം അർത്ഥം ഓരോ കർമ്മം, ഓരോ കർമ്മേന്ദ്രിയവും ഓരോ ഗുണത്തിന്റെ ധാരണാസ്വരൂപമാകും. സേവനത്തിന്റെ അനുഭവി മൂർത്തി, സേവാധാരിയുടെ അർത്ഥം തന്നെയാണ് നിരന്തരം സ്വതവേ തന്നെ സേവാധാരി, മനസ്സാ, വാചാ, കർമണാ, സംബന്ധസമ്പർക്കം ഓരോ കർമ്മത്തിലും സേവനം സ്വാഭാവികമായി സംഭവിച്ചു കൊണ്ടിരിക്കുന്നു ഇതിനെയാണ് പറയുന്നത് നാലു വിഷയത്തിലും അനുഭവി സ്വരൂപം. അപ്പോൾ എല്ലാവരും പരിശോധിക്കു ഏതുവരെ അനുഭവി ആയിട്ടുണ്ട്? ഓരോ ഗുണത്തിനും അനുഭവി, ഓരോ ശക്തിയുടെയും അനുഭവി. ചൊല്ലും ഉണ്ട് -അനുഭവം സമയത്ത് വളരെ പ്രയോജനത്തിൽ വരുന്നു. അപ്പോൾ അനുഭവിമൂർത്തിയുടെ അനുഭവം എങ്ങനെയുള്ള സമസ്യ ആയാലും അനുഭവിമൂർത്തി അനുഭവത്തിന്റെ അതോറിറ്റിയിലൂടെ സമസ്യയെ സെക്കന്റിൽ പരിഹാര സ്വരൂപത്തിലേക്ക് പരിവർത്തനപ്പെടുത്തിയെടുക്കുന്നു. സമസ്യ സമസ്യയായിരിക്കുകയില്ല, പരിഹാര സ്വരൂപമായി മാറും. മനസ്സിലായോ.

ഇപ്പോൾ സമയത്തിന്റെ സമീപത, ബാപ്സമാനമാകുന്നതിന്റെ സമീപത പരിഹാരസ്വരൂപം ആകുന്നതിന്റെ അനുഭവം ചെയ്യിക്കട്ടെ. ഒരുപാട് കാലം സമസ്യ വരുന്നതിന്റെ, പരിഹാരം ചെയ്യുന്നതിന്റെ ഈ പരിശ്രമം ചെയ്തു, ഇനി ബാപ്ദാദ ഓരോ കുട്ടികളെയും സ്വമാനധാരി, സ്വരാജ്യഅധികാരി, പരിഹാരസ്വരൂപത്തിൽ കാണുവാൻ ആഗ്രഹിക്കുന്നു.അനുഭവിമൂർത്തിക്ക് സെക്കൻഡിൽ പരിവർത്തനം ചെയ്യാൻ സാധിക്കും. ശരി.

എല്ലാ വശത്തു നിന്നും എത്തിച്ചേർന്നിട്ടുണ്ട്. ഡബിൾ വിദേശികളും ഓരോ ഗ്രൂപ്പിലും തന്റെ അവസരം നന്നായി എടുക്കുന്നുണ്ട്. ശരി ഈ ഗ്രൂപ്പിൽ പാണ്ഡവരും കുറവല്ല. പാണ്ഡവർ എല്ലാവരും കൈകൾ ഉയർത്തു. മാതാക്കൾ, കുമാരിമാർ, ടീച്ചർമാർ കൈ ഉയർത്തു. ആദ്യത്തെ ഗ്രൂപ്പിൽ മാതാക്കൾ കൂടുതലായിരുന്നു എന്നാൽ ഈ ഗ്രൂപ്പിൽ പാണ്ഡവരും നന്നായി മത്സരിച്ചിട്ടുണ്ട്. പാണ്ഡവരുടെ ലഹരിയും നിശ്ചയവും ഇപ്പോഴും മഹിമയിൽ പാടാറുണ്ട്. എന്താണ് പാടാറുള്ളത്? അറിയാമോ? 5 പാണ്ഡവർ എന്നാൽ ലഹരിയുടെയും നിശ്ചയത്തിന്റെയും ആധാരത്തിൽ വിജയിയായി ഈ മഹിമ ഇപ്പോഴും ഉണ്ട്. അപ്പോൾ ഇങ്ങനെയുള്ള പാണ്ഡവരാണോ? നല്ലത് ലഹരി ഉണ്ടോ? അപ്പോൾ പാണ്ഡവർ എപ്പോൾ മുതൽ കേൾക്കുന്നുണ്ടോ താങ്കൾ പാണ്ഡവരാണ്. പാണ്ഡവർ ഒരിക്കലും പാണ്ഡവപതിയെ മറക്കാറില്ലല്ലോ! ഇടയ്ക്കിടെ മറക്കുന്നുണ്ടോ? പാണ്ഡവരും പാണ്ഡവപതിയും, പാണ്ഡവർക്ക് ഒരിക്കലും പാണ്ഡവ പതിയെ മറക്കാൻ ആവില്ല. പാണ്ഡവർക്ക് ലഹരി ഉണ്ടാകണം നാം കൽപ്പ കൽപ്പത്തെ പാണ്ഡവർ ആണ്, പാണ്ഡവപതിക്ക് പ്രിയപ്പെട്ടവരാണ്. ഓർമ്മചിഹ്നത്തിൽ പാണ്ഡവരുടെയും പേര് കുറവല്ല. പാണ്ഡവരുടെ ടൈറ്റിൽ തന്നെയാണ് വിജയി പാണ്ഡവർ. അപ്പോൾ ഇങ്ങനെയുള്ള പാണ്ഡവരാണോ? നാം വിജയി പാണ്ഡവരാണ്, വെറും പാണ്ഡവരല്ല വിജയി പാണ്ഡവർ അത്ര തന്നെ. വിജയത്തിന്റെ തിലകം അവിനാശി മസ്തകത്തിൽ അണിഞ്ഞിട്ടുള്ളത് തന്നെയാണ്. മാതാക്കൾക്ക് എന്ത് ലഹരിയാണുള്ളത്? വളരെ ലഹരിയുണ്ട്! മാതാക്കൾ ലഹരിയിൽ പറയുന്നു ബാബ വന്നത് തന്നെ

ഞങ്ങൾക്ക് വേണ്ടിയാണ്. ഇങ്ങനെയല്ലേ! എന്തെന്നാൽ അരക്കല്പത്തോളം മാതാക്കൾക്ക് പദവി ലഭിച്ചിട്ടില്ല, ഇപ്പോൾ സംഗമത്തിൽ രാജനീതിയിലും മാതാക്കൾക്ക് അധികാരം ലഭിച്ചിരിക്കുന്നു. ഓരോ വിഭാഗത്തിലും താങ്കൾ ശക്തികളെ ബാബ മുന്നിൽ വെച്ചില്ലേ, അപ്പോൾ ലോകത്തിലും ഓരോ വിഭാഗത്തിലും താങ്കൾ മാതാക്കൾക്ക് അധികാരം ലഭിക്കുന്നു. മാതാക്കളില്ലാത്ത ഒരു വിഭാഗവും ഉണ്ടാവില്ല. ഇത് സംഗമയുഗത്തിന്റെ പദവിയാണ്. അപ്പോൾ മാതാക്കൾക്ക് ഞങ്ങളുടെ ബാബ എന്ന ലഹരിയുണ്ടോ?. ഉണ്ടോ? എന്റെ ബാബാ എന്ന ലഹരി ഉണ്ടോ? മാതാക്കൾ കൈവീശുകയാണ്. നല്ലത്. ഭഗവാനെ തന്റെതാക്കി എങ്കിൽ ഇന്ദ്രജാലക്കാരികൾ മാതാക്കൾ ആയില്ലേ! ബാപ്ദാദ കാണുന്നു മാതാക്കൾ പാണ്ഡവർ ആകട്ടെ, ബാപ്ദാദയുടെ സർവ സംബന്ധങ്ങളിലും സ്നേഹം സർവ്വ സംബന്ധങ്ങളോടും ഉണ്ട്. എന്നാൽ ആർക്ക് ഏത് വിശേഷസംബന്ധമാണ് പ്രിയപ്പെട്ടത് അതും കാണുന്നുണ്ട്. പല കുട്ടികൾക്കും ഈശ്വരനെ കൂട്ടുകാരനാക്കുക വളരെ നന്നായി തോന്നുന്നു, അതിനാൽ ഖുദാ ദോസ്തിന്റെ കഥയും ഉണ്ട്. ബാപ്ദാദ ഇതാണ് പറയുന്നത് ഏത് സമയം ഏത് സംബന്ധത്തിന്റെ ആവശ്യകത ഉണ്ടോ ഭഗവാനെ ആ സംബന്ധത്തിൽ തന്റേതാക്കുവാൻ സാധിക്കും. സർവ്വ സംബന്ധവും നിറവേറ്റാൻ സാധിക്കും. കുട്ടികൾ പറഞ്ഞു ബാബ എന്റേത്, ബാബ എന്തു പറഞ്ഞു ഞാൻ നിന്റേത്.

മധുബന്റെ ശോഭ നന്നായി തോന്നുന്നില്ലേ! എത്ര തന്നെ ദൂരെ ഇരുന്ന് കേട്ടാലും കണ്ടാലും പക്ഷേ മധുബന് അതിന്റേതായ ശോഭയുണ്ട്. മധുബനിൽ ബാപ്ദാദയുമായി മിലനം ചെയ്യുന്നു, പിന്നെ മറ്റെന്തെല്ലാം പ്രാപ്തികൾ ഉണ്ട്? ലിസ്റ്റ് പുറത്തിറക്കൂ എങ്കിൽ എത്ര പ്രാപ്തിയാണ്? ഏറ്റവും വലുതിലും വലിയ പ്രാപ്തി സഹജയോഗം, സ്വതവേ യോഗം ആണ്. പരിശ്രമിക്കേണ്ടി വരുന്നില്ല. അഥവാ മധുബന്റെ അന്തരീക്ഷത്തിന്റെ മഹത്വം വർണ്ണിക്കുകയാണെങ്കിൽ, മധുബന്റെ അന്തരീക്ഷം, മധുബന്റെ ദിനചര്യ സഹജയോഗി, സ്വതവേ യോഗിയാക്കുന്നതാണ്. എന്തുകൊണ്ട്? മധുബനിൽ ബുദ്ധിയിൽ കേവലം ഒരേയൊരു കാര്യമാണുള്ളത്, സേവാധാരി ഗ്രൂപ്പ് വരുന്നു അത് വേറെ കാര്യം, എന്നാൽ ആര് റിഫ്രഷ് ആകുന്നതിന് വരുന്നു എങ്കിൽ മധുബനിൽ എന്താണ് ജോലി? എന്താ എന്തെങ്കിലും ഉത്തരവാദിത്തമുണ്ടോ? കഴിക്കൂ, കുടിക്കൂ, ആനന്ദിക്കൂ, പഠിക്കൂ. എങ്കിൽ മധുബൻ മധുബൻ തന്നെയാണ്. വിദേശത്തും കേട്ടുകൊണ്ടിരിക്കുന്നു. എന്നാൽ ആ കേൾക്കുന്നതും മധുബനിൽ വന്ന് കേൾക്കുന്നതിലും രാത്രിയുടെയും പകലിന്റെയും വ്യത്യാസമുണ്ട്. സാധനങ്ങളിലൂടെ ബാപ്ദാദ കേൾക്കുകയും, കാണുകയും ചെയ്യുന്നവർക്കും സ്നേഹസ്മരണ നൽകുന്നു, ചില കുട്ടികൾ രാത്രി ഉണർന്നും കേൾക്കുന്നു. നല്ലതാണ് തീർച്ചയായും നല്ലതിലും നല്ല മധുബൻ പ്രിയപ്പെട്ടതാണ്. മധുബനിൽ വരിക നല്ലതായി തോന്നുന്നു, അതോ അവിടെയിരുന്ന് മുരളി കേൾക്കുന്നതാണോ നന്നായി തോന്നുന്നത്? അവിടെയും മുരളി കേൾക്കുമല്ലോ. ഇവിടെയും പിറകിലിരുന്ന് ടിവിയിൽ കാണുന്നു. മധുബനിൽ വരിക തന്നെയാണ് നല്ലത്, എന്നുള്ളവർ കൈ ഉയർത്തു . (എല്ലാവരും ഉയർത്തി ) ശരി. എന്നാലും നോക്കൂ ഭക്തിയിലും എന്ത് മഹിമയാണ്? മധുബനിൽ മുരളി വായിക്കുന്നു. ലണ്ടനിൽ മുരളി വായിക്കുന്നു എന്നില്ല. എവിടെയായാലും മധുബന്റെ മഹിമയുടെ മഹത്വം അറിയുക അർഥം സ്വയത്തെ മഹാനാക്കുക.

ശരി,ആരെല്ലാം വന്നിട്ടുണ്ടോ അവർ യോഗീജീവിതം,ജ്ഞാനിതുആത്മാജീവിതം, ധാരണാസ്വരൂപത്തിന്റെ അനുഭവം ചെയ്തുകൊണ്ടിരിക്കുന്നു. ആദ്യത്തെ ടേണിൽ വന്നപ്പോൾ ഈ സീസണിൽ വിശേഷിച്ചും ശ്രദ്ധിക്കാനായി പറഞ്ഞത്, ഈ പൂർണ്ണമായ സീസൺ സന്തുഷ്ടമണിയാകണം സന്തുഷ്ടമാക്കണം. കേവലം ആവുകയല്ല ആക്കുകയും വേണം. ഒപ്പം ഇപ്പോൾ സമയം അനുസരിച്ച് എപ്പോൾ വേണമെങ്കിലും എന്തും സംഭവിക്കാം ചോദ്യം ചോദിക്കരുത് എപ്പോൾ സംഭവിക്കും, ഒരു വർഷത്തിൽ ഉണ്ടാകുമോ, ആറു മാസത്തിൽ ഉണ്ടാകുമോ. പെട്ടെന്ന് എന്തും ഏത് സമയത്തും സംഭവിക്കാം അതുകൊണ്ട് തന്റെ സ്മൃതിയുടെ സ്വിച്ച് വളരെ ശക്തിശാലിയാക്കൂ. സെക്കൻഡിൽ സ്വിച്ച് ഓൺ, അനുഭവിസ്വരൂപം ആകൂ. സ്വിച്ച് ബലമില്ലാത്തതാകുമ്പോൾ ഇടയ്ക്കിടെ ഓൺ ഓഫ് ചെയ്യേണ്ടി വരാറില്ലേ സമയം എടുക്കുന്നു ശരിയാകുവാൻ. എന്നാൽ സെക്കൻഡിൽ സ്വിച്ച് ഓൺ, സ്വമാനത്തിന്റെ, സ്വരാജ്യ അധികാരിയുടെ, അന്തർമുഖിയായി അനുഭവം ചെയ്തുകൊണ്ട് പോകു. അനുഭവങ്ങളുടെ സാഗരത്തിൽ അലിഞ്ഞു ചേരു. അനുഭവത്തിന്റെ അതോറിറ്റിയെ യാതൊരു അതോറിറ്റിക്കും ജയിക്കാനാവില്ല. മനസ്സിലായോ എന്ത് ചെയ്യണം? ബാപ്ദാദ സൂചന നൽകുകയാണ് എന്നാൽ കാത്തിരിക്കരുത്, എപ്പോൾ എപ്പോൾ എപ്പോൾ അല്ല ഇപ്പോൾ. എവർറെഡി. സെക്കൻഡിൽ സ്മൃതിയുടെ സ്വിച്ച് ഓൺ ചെയ്യാൻ സാധിക്കുമോ? ചെയ്യാൻ സാധിക്കുമോ? എങ്ങനെയും സാഹചര്യമാകട്ടെ, എങ്ങനെയുള്ള സമസ്യയും ആകട്ടെ, സ്മൃതിയുടെ സ്വിച്ച് ഓൺ ചെയ്യു. ഈ അഭ്യാസം ചെയ്യൂ എന്തുകൊണ്ടെന്നാൽ ഫൈനൽ പേപ്പർ സെക്കൻഡിന്റേതായിരിക്കണം. മിനിറ്റിന്റേതല്ല. ആലോചിച്ചു കൊണ്ടിരിക്കുന്നവർക്ക് പാസാകാൻ സാധിക്കുകയില്ല. അനുഭവം ഉള്ളവർ പാസാകും. ഇപ്പോൾ സെക്കൻഡിൽ എല്ലാവരും ഞാൻ പരമധാമനിവാസി ശ്രേഷ്ഠ

ആത്മാവാണ്  സ്മൃതിയുടെ സ്വിച്ച് ഓൺ ചെയ്യൂ മറ്റൊരു സ്മൃതിയും ഉണ്ടാകരുത്. ബുദ്ധിയിൽ ഒരു ഇളക്കവും ഉണ്ടാകരുത്,അചഞ്ചലം. (ഡ്രിൽ ) ശരി.
നാനാഭാഗത്തെയും ശ്രേഷ്ഠ സ്വമാനധാരി, അനുഭവി ആത്മാക്കൾക്ക്, സദാ ഓരോ വിഷയത്തെയും അനുഭവത്തിൽ കൊണ്ടുവരുന്ന, സദാ യോഗിജീവിതം നയിക്കുന്ന നിരന്തരയോഗി ആത്മാക്കൾക്ക്, സദാ തന്റെ വിശേഷ ഭാഗ്യത്തെ ഓരോ കർമ്മത്തിലും പ്രത്യക്ഷ സ്വരൂപം കാണിക്കുന്ന കോടിയിലും ചിലരായ , ചിലരിലും ചില വിശേഷ ആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹസ്മരണ നമസ്തേ.

**ദാദിജിയോട്** : എല്ലാവരെയും ഉണർവ്വുത്സാഹത്തിൽ കൊണ്ടുവരുന്നതിന്റെ നല്ല കാര്യം ചെയ്തു കൊണ്ടിരിക്കുന്നു. (ഇപ്പോൾ കോടികൾക്ക് സന്ദേശം നൽകുന്നതിനുള്ള പദ്ധതി നടന്നുകൊണ്ടിരിക്കുക യാണ്) കോടികൾക്ക് മാത്രമല്ല മുഴുവൻ വിശ്വത്തിലുമുള്ള ആത്മാക്കൾക്കും സന്ദേശം ലഭിക്കാനുണ്ട്. അഹോ പ്രഭു എന്ന് പറയുമല്ലോ! അഹോപ്രഭു എന്ന് പറയുന്നതിനു വേണ്ടിയും തയ്യാറാകണമല്ലോ! (ദാദിമാരോട്) ഇതും സഹയോഗം നൽകുകയാണ്. നല്ലത്, മധുബനെ സംരക്ഷിക്കുകയാണ്. ശരി സഹയോഗി ഗ്രൂപ്പ് ലഭിച്ചുവല്ലോ! ഓരോരുത്തർക്കും വിശേഷതയുണ്ട്. എന്നിട്ടും ആദിരത്നങ്ങളുടെ പ്രഭാവം പതിയുന്നു. എത്രതന്നെ പ്രായമായാലും, പുതിയവരും മുന്നേറിക്കൊണ്ടിരിക്കുന്നു എന്നാലും ആദിരത്നങ്ങളുടെ പാലന വ്യത്യസ്തമാണ്. അതിനാൽ ഗ്രൂപ്പ് നല്ലതാണ്.

## വരദാനം : വിഘ്നപ്രൂഫ് തിളങ്ങുന്ന മാലാഖാവസ്ത്രം ധാരണ ചെയ്യുന്നവരായ സദാ വിഘ്ന വിനാശകരായി ഭവിക്കട്ടെ

സ്വയത്തെ പ്രതിയും സർവരേ പ്രതിയും സദാ വിഘ്നവിനാശകരാകുന്നതിന് വേണ്ടി ചോദ്യചിഹ്നത്തിന് വിട നൽകുക. ഫുൾ സ്റ്റോപ്പിലൂടെ സർവ്വ ശക്തികളുടെയും ഫുൾ സ്റ്റോക്ക് ചെയ്യുക. സദാ വിഘ്ന പ്രൂഫ് തിളങ്ങുന്ന മാലാഖ വസ്ത്രമണിഞ്ഞ് ഇരിക്കുക, മണ്ണിന്റെ വസ്ത്രം അണിയാതിരിക്കുക. ഒപ്പം ഒപ്പം സർവ്വ ഗുണങ്ങളുടെ ആഭരണങ്ങളാൽ അലങ്കരിച്ചിരിക്കുക. സദാ അഷ്ടശക്തി ശസ്ത്രധാരി സമ്പന്ന മൂർത്തിയായിരിക്കുക, കമലപുഷ്പത്തിന്റെ ആസനത്തിൽ തന്റെ ശ്രേഷ്ഠ ജീവിതത്തിന്റെ പാദം വയ്ക്കുക.

## സ്ലോഗൻ – അഭ്യാസത്തിൽ പരിപൂർണ്ണമായ ശ്രദ്ധ നൽകൂ എങ്കിൽ ഫസ്റ്റ് ഡിവിഷനിൽ മുൻ നമ്പറിൽ വരും.

**തന്റെ ശക്തിശാലി മനസാ സകാശ് നൽകുന്നതിന്റെ സേവനം ചെയ്യു**
വാചാസേവനം സ്വാഭാവികമായത് പോലെ മനസാസേവനവും ഒപ്പമൊപ്പം ഇനിയും സ്വാഭാവികമാകണം. ശബ്ദത്തിനൊപ്പം മനസ്സാ സേവനവും ചെയ്തു കൊണ്ടിരിക്കുന്നു എങ്കിൽ താങ്കളുടെ സംസാരം കുറച്ചു മതിയാകും. സംസാരിക്കുന്നതിൽ ഊർജ്ജം ചെലവാകുന്നു അത് മനസാ സേവനത്തിന്റെ സഹയോഗം കാരണം ശബ്ദത്തിന്റെ ഊർജ്ജം ശേഖരിക്കപ്പെടുന്നു, മനസ്സാ ശക്തിശാലി സേവനം സഫലത കൂടുതൽ അനുഭവം ചെയ്യിക്കും.

**സൂചന** : ഇന്ന് അന്താരാഷ്ട്ര യോഗത്തിന്റെ ദിവസം മൂന്നാം ഞായറാഴ്ചയാണ്, വൈകിട്ട് 6 30 മുതൽ 7 30 മണി വരെ എല്ലാ സഹോദരി സഹോദരന്മാരും സംഘടിത രൂപത്തിൽ ഒരേയൊരു ശുദ്ധ സങ്കല്പത്തിലൂടെ പ്രകൃതി സഹിതം വിശ്വത്തിലെ സർവ്വ ആത്മാക്കൾക്കും ശാന്തിയുടെയും ശക്തിയുടെയും സകാശ് നൽകുന്നതിനുള്ള വിശേഷ സേവനം ചെയ്യൂ അനുഭവം ചെയ്യാം ബാപ്ദാദയുടെ മസ്തകത്തിലൂടെ ശക്തിശാലി കിരണങ്ങൾ പുറപ്പെട്ട് എന്റെ ഭൃഗുടിയിലേക്ക് വരികയാണ്, എന്നിൽ നിന്നും മുഴുവൻ ഗ്ലോബിലേക്കും പോയിക്കൊണ്ടിരിക്കുകയാണ്.